# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.3924 24.08.2017-ൽ മറുപടിയ്ക്ക്

## നാടകകലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) കേരള സമൂഹത്തിൽ ശ്രദ്ധേയമായ മാറ്റമുണ്ടാക്കിയ നാടകകലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) നാടകകലയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള സംഗീത നാടക അക്കാദമി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പ്രൊഫഷണൽ അമേച്വർ/ലഘു നാടക മത്സരങ്ങൾ, നാടകത്തെ സൈദ്ധാന്തികമായും പ്രായോഗികമായും വിശകലനം ചെയ്തു കൊണ്ടുള്ള ശിൽപ്പശാലകൾ, പ്രതിവാര നാടകാവതരണങ്ങൾ എന്നിവ അക്കാദമി നടപ്പിലാക്കി വരുന്നുണ്ട്. ലോക നാടകത്തിലെ നൂതന പ്രവണതകളും കാലാനുസൃതമായ മാറ്റങ്ങളും പ്രേക്ഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനായി അക്കാദമി വർഷംതോറും രാജ്യാന്തര നാടകോത്സവവും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) നാടകരംഗത്ത് പ്രവർത്തിക്കുന്നവർക്കായി പ്രത്യേക പ്രതിഭാ പുരസ്കാരം ഏർപ്പെടുത്തുമോ? | (ബി) നാടക കലാകാരൻമാർക്ക് ഫെലോഷിപ്പ് അവാർഡ്, ഗുരുപൂജ എന്നീ സംസ്ഥാന ബഹുമതികൾ അക്കാദമി എല്ലാ വർഷവും നൽകുന്നുണ്ട്. നാടകരംഗത്ത് ദീർഘകാലം പ്രവർത്തിക്കുന്ന പ്രതിഭകൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അതിവിശിഷ്ട പുരസ്കാരമായ എസ്.എൽ.പുരം സദാനന്ദൻ നാടക പുരസ്കാരവും അക്കാദമിയുടെ ആഭിമുഖ്യത്തിൽ സർക്കാർ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ